ഷിന്നാക്കസമുദായക്കാരും, പട്ടികജാതിക്കാരും, വർഗ്ഗക്കാരും അല്ലാതുള്ളവരുടെ ജാതി തിരിച്ചുള്ള പട്ടിക സൂക്ഷിച്ചിട്ടില്ല. മേൽപ്പറഞ്ഞവരുടെ ജാതി തിരിച്ചു പട്ടിക താഴെ ചേർക്കുന്നു—

1.	ഈഴവർ	46	8.	മറ്റു ഹിന്ദു പിന്നാക്കം	6
2.	ലാറ്റിൻ കത്തോലിക്	15	9.	പുലയൻ	8
3.	മുസ്ലീം	15	10.	പറയൻ	4
4.	കമ്മാളൻ	7	11.	കുറവൻ	2
5.	നാടാർ	7	12.	മറ്റു പട്ടികജാതിക്കാർ	2
6.	മറ്റു ക്രിസ്ത്യാനി	3	13.	തണ്ടാൻ	1
7.	എസ്. ഐ. യു. സി.	5	14.	വേലൻ	1

യാത്രപ്പടി.

306. [41] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) വിദ്യാഭ്യാസവകുപ്പിലെ പ്രൈമറി ആൻഡ് മിഡിൽ സ്കൂൾ ഇൻസ്പെക്ടറാർക്ക് Permanent travelling allowance കൊടുത്തിരുന്നുവോ ;

(ബി) ഇപ്പോൾ അതു കൊടുക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തു് ?

ഉത്തരം.

(എ) തിരുവിതാംകൂർ വിഭാഗത്തിലെ പ്രൈമറി ആൻഡ് മിഡിൽ സ്കൂൾ ഇൻസ്പെക്ടരന്മാർക്ക് Permanent travelling allowance കൊടുത്തിരുന്നു.

(ബി) അവർ ഇപ്പോൾ അതു് കൊടുത്തുവരുന്നില്ല.

(സി) ഇൻസ്പെക്ടറേറ്റ് പരിഷ്കരണത്തിൽ പ്രൈമറി ആൻഡ് മിഡിൽസ്കൂൾ ഇൻസ്പെക്ടന്മാരുടെ എണ്ണം വർദ്ധിപ്പിക്കുകയും തദനുസരണമായി ഓരോ ഇൻസ്പെക്ടന്മാരുടെയും അധികാരപരിധിയിലുള്ള പള്ളിക്കൂടങ്ങളുടെ എണ്ണം കുറയുകയും ചെയ്തു. പുതിയ അതിർത്തി നിർണ്ണയത്തോടുകൂടി ഓരോ പ്രൈമറി ആൻഡ് മിഡിൽ സ്കൂൾ ഇൻസ്പെക്ടരന്മാരുടെ ജോലിയും യാത്രപരിധിയും മുമ്പിലത്തേക്കാൾ വളരെ കുറഞ്ഞതു കാരണം തിരുവിതാംകൂർ വിഭാഗത്തിലെ ഇൻസ്പെക്ടരന്മാർക്ക് സ്ഥിരസഞ്ചാരപ്പടിയായി പ്രതിമാസം കൊടുത്തുകൊണ്ടിരുന്ന 50 രൂപ തുടർന്നു കൊടുക്കുവാൻ മതിയായ ന്യായം ഉണ്ടെന്നു സർക്കാരിനു ബോദ്ധ്യപ്പെട്ടിട്ടില്ല. കൊച്ചി വിഭാഗത്തിലെ ഇൻസ്പെക്ടരന്മാർക്ക് പ്രതിമാസം 30 രൂപയിൽ കവിയാത്ത വിധം സാധാരണ യാത്രപ്പടിയാണ് കൊടുത്തിരുന്നതു്. ഏകീകരണ അടിസ്ഥാനത്തിൽ തിരുവിതാംകൂർ–കൊച്ചിയിലെ സകല പ്രൈമറി ആൻഡ് മിഡിൽസ്കൂൾ ഇൻസ്പെക്ടരന്മാർക്കും സർവ്വീസ് നിയമം അനുസരിച്ചു് പ്രതിമാസം 40 രൂപയിൽ കൂടാത്ത വിധം സാധാരണ യാത്രപ്പടി ഇൻസ്പെക്ടറേറ്റ് പരിഷ്കാരം നടപ്പാക്കിയ തീയതി മുതൽ കൊടുത്തുവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly